Mathrubhoomi 13/12/2021

# ഊർജ സംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം**▸ സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകൾ പ്രഖ്യാപിച്ചു. വൻകിട ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ ഉദ്യോഗമണ്ഡലിലെ ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് ഒരു ലക്ഷം രൂപയുടെ പുരസ്കാരം നേടി. കാക്കനാട് നീറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡിന് പ്രശസ്തിപത്രം ലഭിക്കും.

ഇടത്തരം ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ മിൽമ പാലക്കാട് ഡെയറിക്കാണ് ഒരു ലക്ഷം രൂപയുടെ പുരസ്കാരം.

കൊച്ചിയിലെ ഇൻഡേൻ ബോട്ട്ലിങ് പ്ലാൻറിനാണ് പ്രശസ്തിപത്രം. ചെറുകിട ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ ബി.ഇ.എം.എൽ. ലിമിറ്റഡ് പാലക്കാട് കോംപ്ലക്സിന് പ്രശസ്തിപത്രം ലഭിക്കും.

കെട്ടിടങ്ങളുടെ വിഭാഗത്തിൽ വർക്കല ഗേറ്റ്വേസ്റ്റ് ഒരു ലക്ഷം രൂപയുടെ ക്യാഷ് പ്രൈസ് ലഭിക്കും. പത്തനംതിട്ട സ്വദേശി മല്ലികസ്റ്റ് വ്യക്തികളുടെ വിഭാഗത്തിൽ പ്രശസ്തി പത്രം ലഭിക്കും.

സംഘടനകൾ, സ്ഥാപനങ്ങൾ എന്നീ വിഭാഗത്തിൽ കെ.എസ്.ഇ.ബി.ക്ക് ഒരു ലക്ഷം രൂപയുടെ സമ്മാനവും വാട്ടർ അതോറിട്ടിക്ക് പ്രശസ്തി പത്രവും ലഭിക്കും.

ആർക്കിടെക്ട് ആൻഡ് ഗ്രീൻ ബിൽഡിങ് കൺസൾട്ടൻസ് വിഭാഗത്തിൽ കൊച്ചിയിലെ എഫ് ഫൈവ് സസ്റ്റൈനബിൾ കൺസൾട്ടൻസിയും വ്യാപാരികളുടെ വിഭാഗത്തിൽ ആലുവയിലെ ചെറുകര ഇൻഡസ്ട്രീസും പ്രശസ്തിപത്രത്തിന് അർഹരായി.